പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4577

28/06/2013 ൽ
മറുപടിക്ക്

# കുഞ്ചൻനമ്പ്യാർ സ്മാരകം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

(എ) ലക്കിടിയിലെ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ എന്തെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളത്; ഓരോ കോഴ്സിലേയും വിവിധ ബാച്ചുകളിലായി എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(എ) കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ നിലവിൽ തുള്ളൽ, മൃദംഗം, മോഹിനിയാട്ടം, കർണ്ണാടക സംഗീതം എന്നീ കലാവിഷയങ്ങളിൽ കോഴ്സുകൾ നടത്തി വരുന്നു. ഓരോ കോഴ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെ നൽകുന്നു.

| കോഴ്സുകൾ | കുട്ടികളുടെ എണ്ണം |
|---|---|
| തുള്ളൽ | 18 |
| മൃദംഗം | 20 |
| മോഹിനിയാട്ടം | 46 |
| കർണ്ണാടക സംഗീതം | 31 |

(ബി) പ്രസ്തുത സ്മാരകത്തിൽ കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം എന്നാണ് ആരംഭിച്ചത്; ആരുടെ നേതൃത്വത്തിലാണ് ആരംഭിച്ചത്; അതിനോടനുബന്ധിച്ച് ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിച്ചു; വിവിധ കോഴ്സുകളിലായി ആകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(ബി) 2008 – ൽ അന്നത്തെ ഭരണസമിതിയും ബഹു. ഒറ്റപ്പാലം എം.എൽ.എ. എം.ഹംസയും സാംസ്കാരിക വകുപ്പുമായി കൂടിയാലോചിച്ച് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി ഉണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 2008 മെയ് മാസത്തിൽ കലാപീഠം ആരംഭിച്ചു. തുള്ളൽ കോഴ്സിനു പുറമേ മൃദംഗം, മോഹിനിയാട്ടം, കർണ്ണാടക സംഗീതം എന്നിവ കൂടി തുടങ്ങി. മേൽപ്പറഞ്ഞ 4 കലാവിഷയങ്ങളിലും കൂടി ഇപ്പോൾ 115 കുട്ടികൾ പഠിക്കുന്നു.

(സി) നിലവിലെ കോഴ്സുകൾക്ക് പുറമെ ഫുൾടൈം ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സർക്കാർ എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ട്. പ്രസ്തുത അപേക്ഷയിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) പ്രസ്തുത സ്മാരകത്തെ തുള്ളലിന്റെ ആധികാരിക കേന്ദ്രമാക്കി സ്വതന്ത്ര സർവ്വകലാശാലാ പദവി നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) കുഞ്ചൻ നമ്പ്യാർ സ്മാരകത്തെ തുള്ളലിന്റെ ആധികാരിക കേന്ദ്രമാക്കി സ്വതന്ത്ര സർവ്വകലാശാലാ പദവി നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (ഇ) | 2006-2011 കാലഘട്ടത്തിൽ ലക്കിടി കിള്ളി ക്കുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാര കത്തിന് എത്ര തുക അനുവദിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; | (ഇ) | 2006-2011 കാലഘട്ടത്തിൽ 39,25,000/- രൂപ അനുവദിച്ചു. പ്രസ്തുത തുക ഉപയോഗിച്ച് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം നൽകൽ, കെടാവിളക്ക് സംരക്ഷണം, തുള്ളൽ സ്കോളർഷിപ്പ് വിതരണം, തുള്ളൽ ഉഴിച്ചൽ, കുഞ്ചൻ ദിനാഘോഷം, കുട്ടികളുടെ അരങ്ങേറ്റം, സംഗീതോ പകരണങ്ങൾ വാങ്ങിക്കൽ, സാംസ്കാരിക പരിപാടികൾ, മരാമത്ത് റിപ്പയർ എന്നീ പ്രവർത്തനങ്ങൾ നടത്തുകയും കറന്റ് ചാർജ്ജ്, ടെലിഫോൺ ബിൽ, യാത്രാ ചെലവ് എന്നിവയ്ക്ക് തുക കണ്ടെത്തുകയും ചെയ്തു. |
| (എഫ്) | 2011-12, 2012-13 എന്നീ കാലയളവിൽ എത്ര തുക അനുവദിച്ചു; ഏതെല്ലാം പ്രവർത്തന ങ്ങൾ നടത്തി എന്ന് വിശദീകരിക്കാമോ? | (എഫ്) | 2011-12, 2012-13 എന്നീ കാലയളവിൽ 37,99,000/- രൂപ അനുവദിച്ചു. പ്രസ്തുത തുക ഉപയോഗിച്ച് ജീവനക്കാരുടേയും, അദ്ധ്യാപകരുടേയും ശമ്പളം നൽകൽ, കെടാവിളക്ക് സംരക്ഷണം, തുള്ളൽ സ്കോളർഷിപ്പ് വിതരണം, തുള്ളൽ ഉഴിച്ചൽ, കുഞ്ചൻ ദിനാഘോഷം, കുട്ടി കളുടെ അരങ്ങേറ്റം, സാംസ്കാരിക പരിപാടികൾ, മരാമത്ത് റിപ്പയർ എന്നീ പ്രവർത്തനങ്ങൾ നടത്തുകയും കറന്റ് ചാർജ്ജ്, ടെലിഫോൺ ബിൽ, യാത്രാ ചെലവ് എന്നിവയ്ക്കായി ഉപയോഗിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ